# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.2569 19.07.2011-ൽ മറുപടിയ്ക്ക്.

### സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

ചോദ്യം ഉത്തരം

ശ്രീ. പി. ഉബൈദുള്ള ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | 2011 ഏപ്രിൽ 30 വരെയുള്ള കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ 1,39,284 ഫയലുകൾ തീർപ്പാകാതെ ഉണ്ട്. |
| (ബി) | ഇത്തരം ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സെക്രട്ടേറിയറ്റിലെ ഫയലുകളിലെ കാലതാമസവും കുടിശ്ശികയും ഒഴിവാക്കുന്നതിലേയ്ക്കായി കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ 218(14) ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ കൂടി വിഷയങ്ങൾ അവലോകനം ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൂടാതെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും പ്രതിമാസ പ്രവർത്തനാവലോകന പത്രികകൾ വാങ്ങി റിവ്യൂ നടത്തി ആവശ്യമായ നിർദ്ദേശം അതിലൂടെ ബന്ധപ്പെട്ടവർക്ക് നൽകുകയും ഇതിന് പുറമെ വർഷത്തിൽ ഒരുമാസം തീവ്രഫയൽ തീർപ്പാക്കൽ മാസമായി പ്രഖ്യാപിച്ച് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ നിയമപരമായി തടസ്സമില്ലാത്തവ തീർപ്പാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 2011- ജൂലൈ, |

| | | | |
|---|---|---|---|
| | | | നിയമപരമായി തടസ്സങ്ങളില്ലാത്ത ഫയലുകൾ അടിയന്തിരമായി തീർപ്പാക്കണമെന്ന നിർദ്ദേശം 30.06.2011-ലെ 9661/AR/14(2)/11/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും, വകുപ്പ് അദ്ധ്യക്ഷൻമാർക്കും, നല്കിയിട്ടുണ്ട്. |
| (സി) | കക്ഷികളെ യഥാസമയം ഫയൽ നമ്പർ എസ്.എം.എസ്. വഴി അറിയിക്കാനും നിശ്ചിത സമയത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | എസ്.എം.എസ്. വഴി അറിയിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഫയലുകൾ നിശ്ചിതസമയത്തിനുള്ളിൽ തീർപ്പു കൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ